# വിദ്യാലായ ചരിത്രം

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ നടന്ന വൈദേശിക ഭരണത്തിനെതിരെ ദേശീയ പ്രസ്ഥാനത്തിന്റെ അലയൊലികൾ സാമൂഹ്യാന്തരീക്ഷത്തെ തേജോമായമാക്കിയ ഘട്ടത്തിലാണ് ഈ വിദ്യാലയത്തിന്റെ തുടക്കം. ആവള അംശത്തിൽ കൂട്ടോത്ത് ദേശത്തിന്റെ തെക്കുഭാഗത്ത് വണ്ണത്താംങ്കുണ്ടി പറമ്പിൽ 1927 ജനുവരി 1-ാം തീയതിയാണ് ആവള കുട്ടോത്ത് എൽ.പി സ്കൂൾ സ്ഥാപിതമായത്. നടയ്ക്കൽ സ്കൂൾ എന്നാണ് പഴമക്കാർ ഈ വിദ്യാലയത്തെ വിളിച്ചിരുന്നത്.

ചെറുവണ്ണൂരിൽ പാറച്ചാലിൽ താമസിക്കും കണ്ണമ്പത്ത് ചട്ടംമ്പള്ളി കുഞ്ഞികൃഷ്ണൻ നായരായിരുന്നു സ്ഥാപക മാനേജരും പ്രധാന അധ്യാപകനും 1927 ൽ വിദ്യാലയം ഓല ഷെഡ്ഡിലായിരുന്നു തുടങ്ങിയത്. 1934 ൽ സ്ഥിരം കെട്ടിടം ഉണ്ടായി 01.06.38 അഞ്ചാംതരം അനുവദിച്ചതോടെയാണ് പൂർണ്ണ എൽ.പി സ്കൂൾ ആയത്.

ശ്രീ.സി.ടി ദാമോദരക്കുറുപ്പ് മാനേജരായി സ്ഥാനം ഏറ്റെടുത്തതിന് ശേഷം പഴയ പ്രി.കെ.ഇ.ആർ കെട്ടിടം മാറ്റി കെ.ഇ.ആർ വ്യവസ്ഥയിലുള്ള കെട്ടിടം നിർമിച്ചത്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഓടിട്ട കെട്ടിടം പൊളിച്ച് മാറ്റി സ്കൂളിന്റെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തി 6 ക്ലാസ് മുറികളോട് കൂടിയ മനോഹരമായ കെട്ടിടം നിലവിലുണ്ട്.

ഈ വിദ്യാലയത്തിൽ പ്രശസ്തമതികളായ ഒട്ടേറെ അധ്യാപകർ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ശ്രീ.കെ.സി കുഞ്ഞികൃഷ്ണൻ നായർ, ശ്രീ രാമൻ ഗുരുക്കൾ, കെ.വി.ചാത്തുനായർ,പി.ചോക്കോട്ടിമാസ്റ്റർ, വി.കെ മാധവൻമാസ്റ്റർ പി.കെ സരോജിനി, ടി.ബാലൻ, എ.വി ദാസൻ, കെ.സജീവൻ, സി.എം രാജലക്ഷ്മി, ലീല ഒ എന്നിവർ പ്രധാനാധ്യാപകരായി സേവനമനുഷ്ഠിച്ച് സർവീസിൽ നിന്ന് വിരമിച്ചിട്ടുണ്ട്. രജീഷ്കൂമാർ കെ.വി ആണ് ഇപ്പോഴാത്തെ ഹെഡ്മാസ്റ്റർ.

കെ.വി കമലാക്ഷി അമ്മയാണ് ഈ സ്ഥാപനത്തിന്റെ ഇപ്പോഴത്തെ മാനേജർ. സ്കൂളിന്റെ പുരോഗതിക്കാവശ്യമായ എല്ലാ നല്ല പ്രവർത്തനങ്ങൾക്കും മാനേജർ എന്ന നിലയിൽ സർവ്വവിധ പിന്തുണയും വാഗ്ദാനം ചെയ്യുന്നതോടൊപ്പം ഈ മാസ്റ്റർ പ്ലാനിങ് സർവ്വ വിധ ആശംസകളും നേരുന്നു.

മാനേജർ

കെ.വി. കമലാക്ഷിയമ്മ

# ആമുഖം

പരിമിതമായ ഭൗതികസാഹചര്യം നിലനിൽക്കുന്ന കാലത്തും ഇത്തരം സാഹചര്യം ഏറെ മെച്ചപ്പെട്ട കാലത്തും മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭ്യമാക്കാൻ എക്കാലത്തും ഈ വിദ്യാലയം ശ്രമിച്ചിട്ടുണ്ട്. വിദ്യാർത്ഥികളിലെ ബഹുമുഖമായ കഴിവുകൾ വികസിപ്പിക്കുവാൻ ആവശ്യമായ മുന്നൊരുക്കത്തോടെ പ്രവർത്തിക്കുന്ന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ എക്കാലത്തും ഈ വിദ്യാലയം ശ്രമിച്ചിട്ടുണ്ട്.

പ്രവർത്തന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുമ്പോൾ പ്രത്യേകിച്ച് കല, പ്രവർത്തിപരിചയ ശാസ്ത്രമേള പരിപാടികളിൽ നല്ല ശ്രദ്ധ കാണിക്കാറുണ്ട്. രണ്ട് വർഷക്കാലമായി തുടരുന്ന കൊറോണ രോഗവും അതിന്റെ പ്രയാസങ്ങളും ഇത്തരം പ്രവർത്തനങ്ങളെ സാരമായി ബാധിച്ചു.

പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ വലിയ പ്രശ്നങ്ങളും പ്രയാസങ്ങളും അനുഭവപ്പെട്ടു.എന്നാലും അക്കാദമികവും അല്ലാത്തതുമായ ലക്ഷ്യങ്ങൾ പൂർത്തിയാക്കാൻ രക്ഷിതാക്കളുടെ വർദ്ധിച്ച പിന്തുണ ആത്യാവശ്യ മായ ഈ കാലഘട്ടത്തിൽ എല്ലാവരും അവസരത്തിനൊത്ത് ഉയർന്നില്ലെന്നത് ഖേദകരമായ സത്യമാണ്.

വരും കാലത്തിന്റെ വെല്ലുവിളികൾ നേരിടാൻ മെച്ചപ്പെട്ട നിരവധി കർമ്മ പരിപാടികൾ നടപ്പിലാക്കാനുള്ള നിർദ്ദേശങ്ങൾ ഇതിലുണ്ട്. എല്ലാവരുടെയും സഹായ സഹകരണത്തോടെ ഇതൊക്കെ പൂർത്തിയാക്കാൻ കഴിയുമെന്ന ആത്മവിശ്വാസത്തോടെ

# കാഴ്ചപ്പാട്

മാനവമോചനത്തിന് യോജിക്കുന്നത് എന്താണോ അതാണ് വിദ്യാഭ്യാസത്തിലൂടെ ലക്ഷ്യമിടുന്നത് എന്ന ഗാന്ധിയൻ ചിന്താഗതിയും വിദ്യാഭ്യാസം സ്വാതന്ത്ര്യത്തിനായുള്ള സാംസ്ക്കാരിക പ്രവർത്തനമാണെന്ന പൗലോ ഫ്രെയറുടെ സിദ്ധാന്തത്തെയും സാക്ഷാത്കരിക്കുന്ന വിശിഷ്ട വേദിയായി വിദ്യാലയത്തെ മാറ്റി തീർക്കുക.

പാഠ്യേതര പ്രവർത്തനങ്ങളിൽ സജീവതാൽപര്യത്തോടെ ആരോഗ്യ കരമായ മത്സരബുദ്ധിയോടെയും കുട്ടികളുടെ സജീവമായ പങ്കാളിത്തം ഉറ ഉറപ്പുവരുത്തുന്ന ശിശു സൗഹാർദമായ അന്തരീക്ഷം സൃഷ്ടിക്കൽ ശുചിത്വം ദീനാനുകമ്പ, സഹജീവി സ്നേഹം തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ

പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ

ലോകത്ത് എവിടെയും സമപ്രായമുള്ള കുട്ടികൾ അർജിച്ച മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസിലെയും കുട്ടികൾ നേടുന്നുണ്ട് എന്ന് ഉറപ്പിക്കൽ

തികഞ്ഞ പാരസ്ഥിതിക ബോധത്തോടെ ജീവിക്കാനും വരും തലമുറയ്ക്കും കൂടി അവ അവകാശപ്പെട്ടതാണ് ഭൂമിയിലെ വിഭവങ്ങൾ എന്നും ഭൂമിയിലെ താൽക്കാലിക നിവാസികൾ മാത്രമാണ് മനുഷ്യർ എന്ന അവബോധത്തോടെ വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിന് കുട്ടിയെ പ്രാപ്തരാക്കാൻ ആവശ്യമായ പ്രവർത്തനങ്ങൾ ഉറപ്പുവരുത്തു.

# ലക്ഷ്യങ്ങൾ

മതനിരപേക്ഷ ജനാധിപത്യമൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം എല്ലാ ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക. അതിനായി എല്ലാ വിഭാഗങ്ങളുടെയും പ്രതീക്ഷയ്ക്ക് മികവ് ലഭിക്കുന്ന വിധത്തിൽ പാഠ്യേതര വിഷയങ്ങളിൽ പരമാവധി നേട്ടങ്ങൾ കൈവരിക്കണം.

അക്കാദമിക മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല കാഴ്ചപ്പാടോടെ പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ ആവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കുക. എൽ.കെ.ജി മുതൽ അഞ്ചാം ക്ലാസ് വരെ ഓരോ ക്ലാസ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യ പദ്ധതികൾക്ക് അനുസൃതമായി നേടേണ്ടശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാൻ ആവശ്യമായ പ്രവർത്തന കലണ്ടറും രൂപപ്പെടുത്തുവാൻ

അധ്യാപനവും അധ്യായനവും സർഗ്ഗാത്മകവും രസകരവും ആക്കുന്നതിന് ഉപകരിക്കുന്ന വിവിധ പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ പഠനത്തോടൊപ്പം മൂല്യങ്ങളിലും മനോഭാവങ്ങളിലും ഉണ്ടാകേണ്ട മാറ്റങ്ങൾ ലക്ഷ്യമിടുന്നു.

# നിലവിലുള്ള അവസ്ഥ വിശകലനം

99 വർഷം പിന്നിട്ട 100-ാം വർഷം കടക്കുന്ന സ്കൂൾ ആധുനിക രീതിയിലുള്ള 6 ക്ലാസ് മുറികളുള്ള പുതിയ കെട്ടിടവും 6 മുറികളുള്ള പഴയ കെട്ടിടവും അടങ്ങിയതാണ്.

കാലാകാലങ്ങളായി മേലടി ഉപജില്ലയിൽ എൽ.പി വിഭാഗത്തിൽ മികച്ച സ്കൂളായിരുന്നു. പക്ഷേ കഴിഞ്ഞ കുറെ കാലമായി പഴയ നിലവാരം നിലനിർത്താൻ കഴിയുന്നില്ല എന്നത് സ്വയം വിമർശനമായി പറയട്ടെ.

കൊറോണ കാലത്തെ നീണ്ട അടച്ചിടലും ഓൺലൈൻ പഠനപ്രവർത്തനങ്ങളും കുട്ടികളുടെ പഠന പുരോഗതിൽ പ്രയാസങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. പല മേഖലകളിലും പ്രതീക്ഷിക്കുന്ന നേട്ടം കൈവരിക്കാൻ ഇനിയും ചിട്ടയായ ശ്രമങ്ങൾ വേണം.

സ്കൂൾ തുറന്ന ശേഷം ഓരോ ക്ലാസിലും കൃത്യമായ അവസ്ഥാ പഠനം നടത്തി അക്കാദമിക് രംഗത്തെ പ്രശ്നങ്ങൾ കണ്ടെത്തി സമയബന്ധിതമായി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കണം.

മത്സരപരീക്ഷകളിൽ കുട്ടികളുടെ മികവ് ഉയർത്തണം സ്കോളർഷിപ്പ് പരീക്ഷകളിൽ വിജയികളുടെ എണ്ണം വർധിപ്പിക്കണം. ലൈബ്രറി, കായിക പരിശീലനം ഐ.ടി പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തണം.

സ്കൂളിന് ആവശ്യമായ ചുറ്റുപാട് ധാരാളമുണ്ട്. ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ വിഭവസമാഹരണം ധാരാളം പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടപ്പാക്കണം. എല്ലാവരുടെയും പ്രതീക്ഷയ്ക്ക് ഒത്ത് ഉയർന്നുവന്ന മെച്ചപ്പെട്ട അവസ്ഥ കൈവരിക്കാൻ ഇനിയും ധാരാളം ശ്രമിക്കണം.

# പദ്ധതി രൂപീകരണ പ്രക്രിയ

1. എസ്.ആർ.ജി യോഗത്തിൽ ആവള കുട്ടോത്ത് എൽ.പി സ്കൂളിന്റെ പ്രവർത്തന പുരോഗതി, അനിവാര്യമായ കാര്യങ്ങൾ അവതരിപ്പിക്കൽ, അനുബന്ധ ചർച്ച

2. വികസനാവശ്യമായ ഏതൊക്കെ ഭൗതികം, അക്കാദമികം സാമൂഹ്യം മറ്റുള്ളവ എന്നിങ്ങനെ തരം തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ

3. കരട് രൂപ രേഖ, എസ്.ആർ.ജി, എസ്.എം.സി, എസ്.എസ്.സി പി.ടി.എ, എം.പി.ടി.എ, സാമൂഹ്യപ്രവർത്തകർ, ജനപ്രതിനിധികൾ എന്നിവർ ഉൾപ്പെട്ട ശിൽപ്പശാലയിൽ അതായത് മെയ് 14 ന് സ്കൂളിൽ നടന്ന പരിപാടിയിൽ അവതരിപ്പിച്ചു .

4. ഈ ശിൽപ്പശാലയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളും അഭിപ്രായങ്ങളും മുൻനിർത്തി സ്കൂൾ പി.ടി.എ,എം.പി.ടി.എ സംയുക്ത എക്സിക്യൂട്ടീവ് പ്രസ്തുത രേഖ ക്രോഡീകരിച്ചു

5. അവസാനമായി രൂപപ്പെട്ട എല്ലാ കാര്യങ്ങളും അതിന്റെ മറ്റ് സാധ്യതകൾക്കും പരിശോധിച്ച് ക്രോഡീകരിച്ച് പദ്ധതിരേഖ തയ്യാറാക്കൽ

**പ്രവർത്തനം 1**

| | | |
|---|---|---|
| പേര് | : | രക്ഷാകർതൃശാക്തീകരണം |
| ഉപ മേഖല | : | പി.ടി.എ ശാക്തീകരണം |
| ലക്ഷ്യം | : | രക്ഷിതാക്കളുടെ സഹകരണവും പങ്കാളിത്തവും സ്കൂൾ പ്രവർത്തനത്തിൽ ഉറപ്പ് വരുത്തൽ |
| പ്രവർത്തനങ്ങൾ | : | സ്കൂൾ തുറക്കുന്നതിന് മുമ്പും അർദ്ധ വർഷത്തിലും ശാക്തീകരണ ക്ലാസ്സുകൾ,ശില്പശാലകൾ |
| കാലം | : | 10 മാസം |
| ചുമതല | : | ചന്ദ്രൻ കെ കെ |
| സാമ്പത്തികം | : | 10000 രൂപ പിടിഎ, സ്റ്റാഫ് കൂട്ടായ്മ |

**പ്രവർത്തനം 2**

| | | |
|---|---|---|
| പേര് | : | പ്രവേശനോത്സവം |
| ഉപ മേഖല | : | അക്കദമികം |
| ലക്ഷ്യം | : | പ്രവേശന ദിവസം പുതിയ വിദ്യാലയദിനം കുട്ടികളിൽ ആഹ്ലാദവും ആകർഷകത്വവും ഉറപ്പാക്കാൻ |
| പ്രവർത്തനങ്ങൾ | : | പിടിഎ സഹകരണത്തോടെ സ്കൂൾ അങ്കണം അലങ്കരിച്ച് മനോഹരമാക്കൽ, രക്ഷിതാക്കൾക്കൊപ്പം സ്കൂളിലെത്തുന്ന കുട്ടികൾക്ക് മനോഹരമായ എന്റെ വിദ്യാലയം സങ്കല്പം യാഥാർഥ്യമാക്കൽ |
| കാലം | : | ജൂൺ 1-2 |
| ചുമതല | : | സ്റ്റാഫ്, പിടിഎ |
| സാമ്പത്തികം | : | 5000 രൂപ പിടിഎ സ്റ്റാഫ് |

**പ്രവർത്തനം 3**

| | | |
|---|---|---|
| പേര് | : | ഐ ടി ശില്പശാല രക്ഷിതാക്കൾക്ക് |
| ലക്ഷ്യം | : | കുട്ടികളുടെ പഠനത്തിൽ രക്ഷിതാക്കൾക്ക് ഐ.ടി അധിഷ്ഠിത വിദ്യാഭ്യാസം നൽകൽ ക്ലാസാടിസ്ഥാന ത്തിൽ |
| പ്രവർത്തനങ്ങൾ | : | ജൂൺ മാസത്തിൽ കുട്ടികൾക്ക് അത്യാവശ്യം അറിയേണ്ട ഐടി കാര്യങ്ങൾ പ്രോജക്റ്ററിന്റെ സഹായത്തോടെ മൂന്ന് ബാച്ചുകളിലായി പരിശീലനം കാലം 1 മാസം |
| ചുമതല | : | ഫസീന ടീച്ചർ, മുഹമ്മദ് മാസ്റ്റർ |
| സാമ്പത്തികം | : | 5000 രൂപ രക്ഷിതാക്കൾ വിഹിതം |

**പ്രവർത്തനം 4**

| | | |
|---|---|---|
| പേര് | : | പി എസ് സി പരിശീലനം |
| ഉപമേഖല | : | സാമൂഹിക വൈജ്ഞാനിക വികാസം |
| ലക്ഷ്യം | : | അഭ്യസ്തവിദ്യരായ തൊഴിലന്വേഷകർക്കും രക്ഷിതാക്ക ൾക്കും തൊഴിൽ സംബന്ധമായ മത്സരപരീക്ഷകളിൽ പങ്കെടുക്കാൻ പ്രചോദനം |
| പ്രവർത്തനം | : | മാസത്തിലൊരിക്കൽ മാതൃകപരീക്ഷ. ആദ്യ 5 സ്ഥാന ക്കാർക്ക് സമ്മാനം, ലഘുവായ രജിസ്ട്രേഷൻ ഫീസ് |
| കാലം | : | 10 മാസം |
| ചുമതല | : | ചന്ദ്രൻ കെ.കെ |
| സാമ്പത്തികം | : | 10000 |
| ഉദ്യോഗസ്ഥർ | : | പൂർവവിദ്യാർത്ഥികൾ |

**പ്രവർത്തനം 5**

| | | |
|---|---|---|
| പേര് | : | ദിനാചരണങ്ങൾ |
| ഉപ മേഖല | : | അക്കാദമികം |
| ലക്ഷ്യം | : | വ്യത്യസ്തങ്ങളായ ദിനങ്ങൾ അവയുടെ പ്രാധാന്യം പ്രസക്തി എന്നിവയിൽ അവബോധം ഉണ്ടാക്കൽ |
| പ്രവർത്തനങ്ങൾ | : | എൽ.പി സ്കൂളിനെ സംബന്ധിച്ച് പ്രസകതമായ ദിനാചരണങ്ങൾ നേരത്തെ സിപിടിഐയിൽ ചർച്ചചെയ്ത് ക്ലാസാടിസ്ഥാനത്തിലും തുടർന്ന് സ്കൂൾ അടിസ്ഥാനത്തിലും ക്വിസ് കുട്ടിക്കും രക്ഷിതാവിനും അനുബന്ധ പ്രവർത്തനങ്ങൾ നടത്തുക. |
| കാലം | : | 10 മാസം |
| ചുമതല | : | എച്ച് എം,സ്റ്റാഫ് സെക്രട്ടറി |
| സാമ്പത്തികം | : | 10000 രൂപ പിടിഎ, സ്റ്റാഫ് |

**പ്രവർത്തനം 6**

| | | |
|---|---|---|
| പേര് | : | കൗൺസിലിംഗ് |
| | : | ഉപമേഖല അക്കാദമികം |
| ലക്ഷ്യം | : | പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ ഭിന്നനിലവാരക്കാരും പിന്നോകക്കാരും മറ്റു പ്രശ്നങ്ങൾ അനുഭവിക്കുന്നവരെ കണ്ടെത്താനും |
| പ്രവർത്തനങ്ങൾ | : | ക്ലാസാടിസ്ഥാനത്തിൽ കുട്ടികളുടെ പ്രയാസങ്ങൾ കണ്ടെത്താൻ ശാസ്ത്രീയമായ രീതിയിൽ കൗൺ സിലിംഗ് |
| കാലം | : | 2 മാസം |
| ചുമതല | : | രാധ സി കെ |
| സാമ്പത്തികം | : | 5000 രൂപ സ്റ്റാഫ് |

**പ്രവർത്തനം 7**

| | | |
|---|---|---|
| പേര് | : | സ്കൂൾ ലൈബ്രറി ഫലപ്രദമായും അവശ്യക്കാർക്ക് അവരിഷ്ടപ്പെടുന്ന പുസ്തകങ്ങൾ ലഭ്യാമാക്കുക. ക്ലാസ് പി.ടി.എ യിൽ ശരാശരി 3 പുസ്തകങ്ങൾതെരഞ്ഞടുത്ത് അവ വായിച്ച് അതിന്റെ വിവരണം അടുത്ത സി.പി.ടിഎ യിൽ രക്ഷിതാവ് നടത്തുക. ഒപ്പം കുട്ടിക്കും രണ്ട് പുസ്തകങ്ങൾ |
| കാലം പേര് | : | 10 മാസം |
| ചുമതലപേര് | : | ബീന ടി.കെ |
| സാമ്പത്തികംങ്ങൾ | : | 5000 രൂപ<br>പൂർവ്വ വിദ്യാർത്ഥികളിൽ നിന്ന് സ്പോൺസർ |

**പ്രവർത്തനം 8**

| | | |
|---|---|---|
| പേര് | : | പഠനവൈകല്യങ്ങൾ കണ്ടെത്തൽ |
| ഉപ മേഖല | : | അക്കാദമികം |
| ലക്ഷ്യം | : | പഠന പ്രവർത്തനങ്ങളിൽ സാധാരണയിൽ നിന്ന് വ്യത്യസ്തമായി പ്രയാസങ്ങൾ ഉള്ള കുട്ടികളെ കണ്ടെത്തുക. പ്രത്യേക ക്ലാസ്സ് കൊടുക്കുക . |
| പ്രവർത്തനങ്ങൾ | : | സ്കൂളിൽ ബി.ആർ.സി സഹായത്തോടെ ഐ.ഇ ഡി.സി മേഖലയിൽ പ്രശസ്തരെ ഉൾപ്പെടുത്തി പരിശോധന നടത്തി അതിലൂടെ പ്രശ്ന ബാധിതരായ വരെ കണ്ടെത്തുക |
| കാലം | : | ജൂലൈ മാസത്തിനുള്ളിൽ |
| ചുമതല | : | ഫസീന |
| സാമ്പത്തികം | : | 1000 രൂപ, സ്റ്റാഫ് |

**പ്രവർത്തനം 9**

| | | |
|---|---|---|
| പേര് | : | പിന്നോക്കക്കാരെ കണ്ടെത്തൽ |
| ഉപ മേഖല | : | അക്കാദമികം |
| ലക്ഷ്യം | : | കൊറോണക്കാലം അക്കാദമിക കാര്യങ്ങളിൽ ഉണ്ടാക്കിയ പഠന വിടവ് മനസ്സിലാക്കി ആവശ്യമായ ഇടപെടൽ. |
| പ്രവർത്തനങ്ങൾ | : | ശേഷി വികാസത്തിൽ പിന്നോക്കാവസ്ഥ ഉള്ളവരെ പ്രീ ടെസ്റ്റ് നടത്തി കണ്ടെത്തി പരിഹാരബോധനം നടത്തുക.മലയാളത്തിളക്കം പോലുള്ള പ്രവർത്തനങ്ങൾ ഉൾപ്പെടുത്താം |
| കാലം | : | 3 മാസം |
| ചുമതല | : | സ്റ്റാഫ് മുഴുവൻ |
| സാമ്പത്തികം | : | 2500 രൂപ പിടിഎ, സ്റ്റാഫ് |

**പ്രവർത്തനം 10**

| | | |
|---|---|---|
| പേര് | : | എന്റെ ക്ലാസ് |
| ഉപമേഖല | : | അക്കാദമികം |
| ലക്ഷ്യം | : | സ്കൂൾ തുറന്ന് അവസ്ഥ പഠനം നടത്തി ക്ലാസ് അടി സ്ഥാനത്തിൽ മാസ്റ്റർ പാൻ തയ്യാറാക്കി പ്രവർത്തന ക്രമീകരണം |
| പ്രവർത്തനങ്ങൾ | : | നിലവിലുള്ള അക്കാദമിക അവസ്ഥ കൃത്യമായി |

| | | |
|---|---|---|
| അവസ്ഥ | | മനസിലാക്കാൻ വിഷയാടിസ്ഥാനത്തിൽ പഠനം നടത്തി ലഘുതരം, ഗുരുതരം, |
| ത്രീവം | | എന്നിങ്ങനെ തരംതിരിച്ച് |
| അവശ്യമായ പ്രവർത്തനങ്ങൾ | | നടപ്പിലാക്കുക. |
| കാലം | : | 3 മാസം |
| ചുമതല | : | സ്റ്റാഫ് |
| സാമ്പത്തികം | : | 5000 രൂപ പി.ടി.എ സ്റ്റാഫ് |

**പ്രവർത്തനം 11**

| | | |
|---|---|---|
| പേര് | : | പഠനനേട്ടങ്ങൾ സി.പി.ടി.എ യിൽ |
| ഉപ മേഖല | : | അക്കാദമികം |
| ലക്ഷ്യം | : | ഓരോ പഠനത്തിലും പഠനനേട്ടങ്ങൾ മുൻകൂട്ടി മനസ്സി ലാക്കി ആവശ്യമായ മുന്നൊരുക്കം നടത്തുക |
| പ്രവർത്തനങ്ങൾ | : | ക്ലാസിലേക്ക് ഓരോ വിഷയത്തിലും പറഞ്ഞിട്ടുള്ള പഠനനേട്ടങ്ങൾ മുൻകൂട്ടി ആദ്യം തന്നെ സി.പി.ടി.ഐ യിൽ അവതരിപ്പിച്ച് ഇന്ന കാര്യങ്ങളാണ് വരും ദിവസങ്ങളിൽ നടക്കാൻ പോകുന്നത്. അതിനായി കുട്ടിയെ സജ്ജരാക്കുക. സ്വയം വിലയിരുത്തുക. അധ്യാപകനെ വിലയിരുത്തുക. |
| കാലം | : | 10 മാസം |
| ചുമതല | : | സ്റ്റാഫ് |
| സാമ്പത്തികം | : | 2000 രൂപ സ്റ്റാഫ് |

**പ്രവർത്തനം 12**

| | | |
|---|---|---|
| പേര് | : | ഇംഗ്ലീഷ് ഗണിതം ശില്പശാല |
| ഉപമേഖല | : | അക്കാദമികം |
| ലക്ഷ്യം | : | കുട്ടികൾക്ക് താരതമ്യേന പ്രയാസകരമായി തോന്നുന്ന ഇംഗ്ലീഷ് ഗണിതം വിഷയങ്ങൾ ആസ്വാദ്യകരമാക്കാം. |
| പ്രവർത്തനങ്ങൾ | : | മേൽപ്പറഞ്ഞ വിഷയങ്ങളിൽ നിപുണരായ റിസോഴ്സ് അധ്യാപകരുടെ സേവനം ഉപയോഗിച്ച് ഗണിതം മധുരം ഈസി ഇംഗ്ലീഷ് തുടങ്ങി എല്ലാ ക്ലാസ്സിലെ കുട്ടികൾക്കും അവർക്ക് യോജിച്ച രസകരമായ ചില പരിപാടി സംഘടിപ്പിക്കുക |
| കാലം | : | 6 മാസം ഓരോ ക്ലാസിനും രണ്ടുവീതം ക്ലാസുകൾ |
| ചുമതല | : | സ്റ്റാഫ് |
| സാമ്പത്തികം | : | 15,000 രൂപ പിടിഎ സ്റ്റാഫ് |

## പ്രവർത്തനം 13

| | | |
|---|---|---|
| പേര് | : | ഇംഗ്ലീഷ് അസംബ്ലി |
| ഉപമേഖല | : | അക്കാദമികം |
| ലക്ഷ്യം | : | ഇംഗ്ലീഷ് അനായാസകരമായി സംസാരിക്കാനുള്ള അവസരം രൂപപ്പെടുത്തുക പ്രവർത്തനം ആഴ്ച യിലൊരു ദിവസം ഇംഗ്ലീഷ് അസംബ്ലി സംഘടിപ്പി ക്കുകയും പ്രതിജ്ഞ ന്യൂസ് വായന എന്നിവ ഓരോരുത്തരുടെയും നിലവാരത്തിനനുസരിച്ച് മുന്നൊരുക്കം നടത്തി നടപ്പിലാക്കുക |
| കാലം | : | 10മാസം |
| ചുമതല | : | സ്റ്റാഫ് |
| സാമ്പത്തികം | : | 1000 |

## പ്രവർത്തനം 14

| | | |
|---|---|---|
| പേര് | : | മാസികകൾ |
| ഉപമേഖല | : | അക്കാദമിക് |
| ലക്ഷ്യം | : | വ്യത്യസ്ത വിഷയങ്ങൾ മുൻനിർത്തി ഓരോ ക്ലാസിനും വിശേഷ ദിനാചരണങ്ങളുടെ ഭാഗമായി വിവിധ തരം മാസികകൾ രൂപപ്പെടുത്തുക. പ്രകാശനം ചെയ്യുക. രക്ഷാകർത്താക്കളുടെ പിന്തുണയോടെ. |
| കാലം | : | 10 മാസം |
| ചുമതല | : | സ്റ്റാഫ് |
| സാമ്പത്തികം | : | 5000രൂപ പി.ടി.എ/സ്റ്റാഫ് |

## പ്രവർത്തനം 15

| | | |
|---|---|---|
| പേര് | : | സ്കൂൾ അസംബ്ലി |
| മേഖല | : | അക്കാദമികം |
| ലക്ഷ്യങ്ങൾ | : | ആഴ്ചയിലൊരിക്കൽ കുട്ടികളിൽ അച്ചടക്കബോധം, പൊതുക്രമീകരണങ്ങളും എന്നിവ ഉറപ്പാക്കുക |
| പ്രവർത്തനങ്ങൾ | : | ആഴ്ചയിൽ ഒരു ദിവസം രാവിലെ സ്കൂൾ ആരംഭിക്കു ന്നതിനു മുമ്പ് ചിട്ടയായി കുട്ടികളെ വരിവരിയായി നിർത്തി പൊതുകാര്യങ്ങളും അനുമോദനങ്ങളും നടത്തി സമയബന്ധി തമായി അവസാനിപ്പിക്കുക. |
| കാലം | : | 10 മാസം |
| ചുമതല | : | സ്റ്റാഫ് |

**പ്രവർത്തനം 16**

| | | |
|---|---|---|
| പേര് | : | വളരുന്ന ജനാധിപത്യം |
| ഉപമേഖല | : | അക്കാദമികം |
| ലക്ഷ്യം | : | ജനാധിപത്യ പ്രക്രിയയുടെ ബാലപാഠങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കുക |
| പ്രവർത്തനങ്ങൾ | : | ക്ലാസ് ലീഡർ, സ്കൂൾ ലീഡർ, ബാലസമാജം സെക്രട്ടറി എന്നീ സ്ഥാനത്തേക്ക് ജനാധിപത്യരീതിയിൽ നടപടി ക്രമം പാലിച്ച് ചിട്ടയോടെ പ്രവർത്തനം നടത്തുക |
| കാലം | : | ജൂലൈ രണ്ടാം വാരം |
| ചുമതല | : | ഫസീന |
| സാമ്പത്തിക | : | 5000 രൂപ സ്റ്റാഫ് |

**പ്രവർത്തനം 17**

| | | |
|---|---|---|
| പേര് | : | അറബി, ഹിന്ദി ഭാഷാ വികാസം |
| ഉപ മേഖല | : | അക്കാദമികം |
| ലക്ഷ്യം | : | അറബിഭാഷയും ഹിന്ദിയും വികാസം |
| പ്രവർത്തനം | : | അറബി, ഹിന്ദി ഭാഷകൾ വികസിപ്പിക്കുന്നതിനാവശ്യമായ റിസോഴ്സ് അധ്യാപകരെ ഉപയോഗപ്പെടുത്തി ഐ.സി.ടി സാധ്യതകളുപയോഗിച്ച് മൂന്ന് വീതം ശില്പശാലകൾ നടത്തും |
| കാലം | : | മാസം |
| ചുമതല | : | ഇ മുഹമ്മദ് |
| സാമ്പത്തികം | : | 8000 രൂപ പി.ടി.എ/സ്റ്റാഫ് |

**പ്രവർത്തനം 18**

| | | |
|---|---|---|
| പേര് | : | പി.ടി.എ, സി.പി.ടി.എ പൂർണ്ണ പങ്കാളിത്തം |
| ഉപ മേഖല | : | അക്കാദമികം |
| ലക്ഷ്യം | : | സ്കൂൾ പ്രവർത്തനത്തിൽ രക്ഷിതാക്കളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കുക. |
| പ്രവർത്തനം | : | സ്കൂളിന്റെ ദൈനംദിന പ്രവർത്തനത്തിൽ രക്ഷിതാക്കളുടെ പങ്ക് വലുതാണ്. യോഗങ്ങളിൽ കൃത്യമായി പങ്കെടുക്കാത്ത അംഗങ്ങളെ മാറ്റി പുതിയ അംഗങ്ങളെ ചേർത്ത് വിജയകരമായി പ്രവർത്തിക്കുക. |
| കാലം | : | 10 മാസം |
| ചുമതല | : | പിടിഎ എക്സിക്യൂട്ടീവ് |

## പ്രവർത്തനം 19

| | | |
|---|---|---|
| പേര് | : | റിസോഴ്സ് അധ്യാപകരുടെ ക്ലാസ്സ് |
| ഉപമേഖല | : | അക്കാദമികം |
| ലക്ഷ്യം | : | പാഠ്യേതര മേഖലകളിലെ മികവുള്ള ആളുകളെ പരിചയപ്പെടുത്തുക പ്രവർത്തന പരിസരത്തുള്ളതും അല്ലാത്തതുമായ കലാകാരന്മാരെ അടുത്തറിയാനും അവരുടെ പ്രവർത്തന മികവ് മനസ്സിലാക്കാനും കളി ഉത്പന്നങ്ങൾ കലാരൂപങ്ങൾ ഉപകരണ സംഗീതം എന്നിവ പരിചയപ്പെടുത്തൽ |
| കാലം | : | 10 മാസം |
| ചുമതല | : | സ്റ്റാഫ് |
| സാമ്പത്തികം | : | 10000 പി.ടി.എ സ്റ്റാഫ് |

## പ്രവർത്തനം 20

| | | |
|---|---|---|
| പേര് | : | അഭിനയ കളരി |
| ഉപമേഖല | : | അക്കാദമികം |
| ലക്ഷ്യം | : | കുട്ടികളിലെ അന്തർലീനമായ കഴിവുകളെ മനസ്സിലാക്കാനും പരിപോഷിപ്പിക്കുവാനും |
| പ്രവർത്തനം | : | വിദ്യാഭ്യാസ വർഷം നാല് വ്യത്യസ്ത പരിപാടികളിലായി അഭിനയം ചിത്രം, പ്രസംഗം തുടങ്ങിയ ശില്പശാലകൾ നടത്തുക. പരിചയസമ്പന്നരായവരുടെ സഹായം ഉറപ്പുവരുത്തും |
| കാലം | : | 10 |
| ചുമതല | : | എച്ച്.എം |
| സാമ്പത്തിക | : | 15000 രൂപ സ്റ്റാഫ് പി.ടി.എ |

## പ്രവർത്തനം 21

| | | |
|---|---|---|
| പേര് | : | മേളകൾ |
| ഉപമേഖല | : | അക്കാദമികം |
| ലക്ഷ്യം | : | പഠനത്തോടൊപ്പം വ്യത്യസ്തമായ നിരവധി മേഖലകളിലെ കുഴിവ് പ്രകടിപ്പിക്കൽ |
| പ്രവർത്തനം | : | വിവിധ തരം മേളകളിൽ വിദ്യാർഥികളെ പങ്കെടു പ്പിക്കുക. തുടക്കത്തിൽ തന്നെ കുട്ടികളെ കണ്ടെത്തി ബന്ധപ്പെട്ട അധ്യാപകരെ ചുമതലപ്പെടുത്തി രക്ഷിതാവിന്റെ സഹായത്തോടെ നല്ല വിജയം കരസ്ഥമാക്കുക |
| കാലം | : | 10 മാസം |
| ചുമതല | : | സ്റ്റാഫ് , പി.ടി.എ, രക്ഷിതാക്കൾ |
| സാമ്പത്തികം | : | 15,000 രൂപ |

**പ്രവർത്തനം 22**

| | | |
|---|---|---|
| പേര് | : | ബാലസമാജം |
| ഉപമേഖല | : | അക്കാദമികം |
| ലക്ഷ്യം | : | കുട്ടികളുടെ കഴിവുകൾ സ്വാതന്ത്ര്യമായി അവതരിപ്പിക്കുക. |
| പ്രവർത്തനം | : | രണ്ടാഴ്ചയിലൊരിക്കൽ എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി ക്ലാസ് അടിസ്ഥാനത്തിൽ ബാലസഭ. കുട്ടികൾ തന്നെ എല്ലാ നിയന്ത്രണങ്ങളും ഏറ്റെടുത്ത്. അധ്യാപകർ മേൽനോട്ടച്ചുമതല |
| കാലം | : | 10 മാസം |
| ചുമതല | : | സ്റ്റാഫ് |
| സാമ്പത്തിക | : | 3000 രൂപ സ്റ്റാഫ് |

**പ്രവർത്തനം 23**

| | | |
|---|---|---|
| പേര് | : | മേളകൾ സ്കൂൾതലം |
| ഉപ മേഖല | : | അക്കാദമികം |
| ലക്ഷ്യം | : | ക്ലാസ് ബാലസഭകളിൽ നിന്ന് മെച്ചപ്പെട്ട ഇനങ്ങൾ പൊതു വേദിയിൽ അവതരിപ്പിക്കൽ, കായികരംഗത്ത് ഗ്രൂപ്പുകളായി തിരിച്ച് ആവേശകരമായ മത്സരം ഉണ്ടാക്കുക. |
| പ്രവർത്തനം | : | സ്കൂൾ തലത്തിൽ വിവിധ ഇനങ്ങളായി വ്യത്യസ്ത മത്സര ങ്ങളിൽ ഏർപ്പെടുക. എല്ലാവർക്കും സമ്മാനം ഏർപ്പെടുത്തുക. |
| കാലം | : | 10 മാസം |
| ചുമതല | : | സ്റ്റാഫ് |
| സാമ്പത്തികം | : | 6000 രൂപ, പിടിഎ പൂർവ്വ വിദ്യാർത്ഥികൾ |

**പ്രവർത്തനം 24**

| | | |
|---|---|---|
| പേര് | : | സഹവാസ ക്യാമ്പ് |
| ഉപ മേഖല | : | അക്കാദമികം |
| ലക്ഷ്യം | : | വ്യക്തിത്വ വികസനവും സാമൂഹിക ഐക്യവും ഉറപ്പുവരുത്തുക. |
| പ്രവർത്തനം | : | ഒരു ദിവസം വൈകീട്ട് 5 മണി മുതൽ പിറ്റേദിവസം ഉച്ചവരെ നടക്കുന്ന ക്യാമ്പ്. വിവിധതരം പരിപാടികൾ ആസൂത്രണം ചെയ്ത് നല്ല രീതിയിൽ നടപ്പിലാക്കുക |
| കാലം | : | 10 മാസം |
| ചുമതല | : | സ്റ്റാഫ് |
| സാമ്പത്തിക | : | 10000 രൂപ പിടിഎ, സ്റ്റാഫ് |

**പ്രവർത്തനം 25**

| | | |
|---|---|---|
| പേര് | : | എന്റെ കുട്ടി |
| ഉപ മേഖല | : | അക്കാദമികം |
| ലക്ഷ്യം | : | ഓരോ ക്ലാസിലേയും ഓരോ കുട്ടികളുടെയും വ്യക്തിവിവരങ്ങൾ സമഗ്രമായി എഴുതി സൂക്ഷിക്കുക. |
| പ്രവർത്തനം | : | ഓരോ കുട്ടിയുടെ വ്യക്തിപരമായ സവിശേഷതകളും പഠന പരമായകാര്യങ്ങളും രേഖപ്പെടുത്തി രക്ഷിതാവും അധ്യാപകരും മാത്രം ഈ കാര്യം നേരിട്ട് പരിശോധിക്കുക. |
| കാലം | : | 10 മാസം |
| ചുമതല | : | സ്റ്റാഫ് |

**പ്രവർത്തനം 26**

| | | |
|---|---|---|
| പേര് | : | ക്ലബ്ബ്ബുൾബുൾ |
| ഉപമേഖല | : | അക്കാദമികം |
| ലക്ഷ്യം | : | സേവന തൽപരരായ സമൂഹം |
| പ്രവർത്തനം | : | എൽ.പി സ്കൂളിലെ വിദ്യാർഥികളെ നല്ല ചിട്ടയോടെ ഈ പ്രവർത്തനത്തിലൂടെ സന്മാർഗ്ഗ ചിന്ത വളർത്തുക. ഇതിനവശ്യമായ പരിശീലന പരിപാടികൾ നടത്തുക. |
| ചുമതല | : | എച്ച്. എം |
| സാമ്പത്തിക | : | 10000 രൂപ, പിടിഎ, സ്റ്റാഫ് |

**പ്രവർത്തനം 27**

| | | |
|---|---|---|
| പേര് | : | എന്റെ അധ്യാപകൻ കുട്ടിയുടെ വിലയിരുത്തൽ |
| ഉപ മേഖല | : | അക്കാദമികം |
| ലക്ഷ്യം | : | അധ്യാപകനും കുട്ടിയും തമ്മിലുള്ള ബന്ധം തിരിച്ചറിയുന്നു. |
| പ്രവർത്തനം | : | കുട്ടി തന്റെതായ രീതിയിൽ തന്റെ അധ്യാപകനെ വിലയിരുത്തി അത് രേഖപ്പെടുത്തി ക്ലാസ് അടിസ്ഥാനത്തിൽ പ്രസിദ്ധീ കരിക്കുന്നു. പിടിഎ മോണിറ്ററിങ് സമിതി പരിശോധിക്കുന്നു |
| കാലം | : | 10 മാസം |
| ചുമതല | : | പിടി എ |

**പ്രവർത്തനം 28**

| | | |
|---|---|---|
| പേര് | : | പ്രതിഭാ പോഷണം |
| ഉപ മേഖല | : | അക്കാദമികം |
| ലക്ഷ്യം | : | കുട്ടികൾ മികച്ച നിലവാരം പുലർത്തുന്ന വരെ കണ്ടെത്തി മെച്ചപ്പെട്ട പരിശീലന പ്രവർത്തനങ്ങൾ നൽകൽ. |
| പ്രവർത്തനം | : | ഓരോ ക്ലാസിലെയും ഉന്നത നിലവാരക്കാരെ മനസ്സിലാക്കി അവരുടെ വൈജ്ഞാനിക വികസനത്തിന് ഉതകുന്ന പരിപാടികൾ ആസൂത്രണം ചെയ്യുക. പ്രത്യേകം റിസോഴ്സ് അധ്യാപകരുടെ സേവനം ഉപയോഗപ്പെടുത്തുക. മാസത്തിൽ കിസ് പരിപാടികൾ നടത്തുക. അനുമോദിക്കുക. |
| കാലം | : | 10 മാസം |
| ചുമതല | : | സ്റ്റാഫ് |
| സാമ്പത്തികം | : | 10000 രൂപ പിടിഎ സ്റ്റാഫ് |

**പ്രവർത്തനം 29**

| | | |
|---|---|---|
| പേര് | : | ചുറ്റുമതിൽ |
| ഉപ മേഖല | : | ഭൗതികം |
| ലക്ഷ്യം | : | സുരക്ഷിതമായ വിദ്യാലയ അന്തരീക്ഷം, കോമ്പൗണ്ടിനകത്തെ വസ്തുക്കൾക്ക് സംരക്ഷണം. |
| പ്രവർത്തനം | : | സ്കൂൾ പ്രദേശം സുരക്ഷിതമായി നിലനിർത്തുന്നതിനായി ചുറ്റുപാടുമുള്ള മതിലും ബലപ്പെടുത്തുകയും പുനർ നിർമ്മിക്കുകയും ചെയ്യുക. |
| ചുമതല | : | മാനേജ്മെന്റ് |

**പ്രവർത്തനം 30**

| | | |
|---|---|---|
| പേര് | : | സ്മാർട്ട് ക്ലാസ് റൂം നവീകരണം |
| ഉപമേഖല | : | ഭൗതികം |
| ലക്ഷ്യം | : | കൂടുതൽ ഉപകരണങ്ങളും കെട്ടിടത്തിന്റെ പരിമിതികളും കണ്ടെത്തി ആവശ്യമായ പുരോഗതി ഉറപ്പാക്കുക |
| പ്രവർത്തനം | : | സ്മാർട്ട് ക്ലാസിലേക്ക് ആവശ്യമായ ഉപകരണങ്ങൾ പുതിയതായി വാങ്ങുക. ഫർണിച്ചർ കണ്ടെത്തുക. കെട്ടിടത്തിന്റെ ശോചനീയാവസ്ഥമാറ്റി ഭംഗിയാക്കുക |
| ചുമതല | : | മാനേജ്മെന്റ് |

പ്രവർത്തനം 31

| | | |
|---|---|---|
| പേര് | : | ഫോട്ടോ അനാച്ഛാദനം |
| ഉപമേഖല | : | ഭൗതികം |
| ലക്ഷ്യം | : | പൂർവികരെ ആദരിക്കൽ. |
| പ്രവർത്തനം | : | അന്തരിച്ച പൂർവ്വ അധ്യാപകരുടെ ഫോട്ടോ ഓഫീസ് റൂമിൽ പ്രദർശിപ്പിക്കുക. കുടുംബാംഗങ്ങളിൽ നിന്ന് ഭംഗിയായ ഫോട്ടോ വാങ്ങി സൂക്ഷിക്കുക. ചുമതല എസ്.എസ്.ജി |

**പ്രവർത്തനം 32**

| | | |
|---|---|---|
| പേര് | : | കളി ഉപകരണങ്ങൾ |
| ഉപമേഖല | : | ഭൗതികം |
| ലക്ഷ്യം | : | കായിക ശേഷി വികാസം |
| പ്രവർത്തനം | : | കുട്ടികൾക്ക് ആവശ്യാനുസരണം ഉപയോഗിക്കാൻ പാകത്തിൽ കളി ഉപകരണങ്ങൾ വാങ്ങി അവ സമയാസമയത്ത് എടുത്ത് ഉപയോഗിക്കുകയും ചെയ്യുക ചുമതല സ്റ്റാഫ് |
| കാലം | : | 10 മാസം |
| സാമ്പത്തികം | : | 10000 രൂപ പൂർവവിദ്യാർത്ഥികൾ ക്ലബ് |

**പ്രവർത്തനം 33**

| | | |
|---|---|---|
| പേര് | : | ഉച്ചഭക്ഷണ വിഭവ സമൃദ്ധം |
| ഉപമേഖല | : | ഭൗതികം |
| ലക്ഷ്യം | : | സ്വാദിഷ്ടവും പോഷക സമ്പന്നവുമായ ഉച്ചഭക്ഷണം |
| പ്രവർത്തനങ്ങൾ | : | സർക്കാറിന്റെ സാമ്പത്തിക സഹായത്തിൽ ഒരുങ്ങി ഉച്ചഭക്ഷണം മെച്ചപ്പെടുത്തുവാൻ കഴിയില്ല. ആയതിനാൽ സ്കൂൾ വികസന ഫണ്ട് 500 രൂപയാക്കി ഉയർത്തി. ആവശ്യത്തിന് തുക ഉപയോഗപ്പെടുത്തി മാസാമാസം കൃത്യമായ വരവ് ചെലവ് പി.ടി.എ യോഗത്തിൽ അവതരിപ്പി ക്കുക. രക്ഷിതാക്കളിൽ നിന്ന് സാധനങ്ങൾ സ്വീകരിച്ചു. അമ്മ മാരുടെ സഹായവും ഈ കാര്യത്തിൽ സ്വീകരിക്കും |
| കാലം | : | 10 മാസം |
| ചുമതല | : | പി.ടി.എ സ്റ്റാഫ് |

**പ്രവർത്തനം 34**

| | | |
|---|---|---|
| പേര് | : | ഉച്ചഭക്ഷണത്തിന് പ്ലേറ്റ് ഗ്ലാസ് |
| ഉപമേഖല | : | ഭൗതികം |
| ലക്ഷ്യം | : | ഉച്ചഭക്ഷണം നല്ല സൗകര്യപ്രദമായ രീതിയിൽ കഴിക്കുക |
| പ്രവർത്തനം | : | എല്ലാ കുട്ടികൾക്കും സാമാന്യം വലിപ്പത്തിലുള്ള പ്ലേറ്റ് വെള്ളം കുടിക്കാൻ സ്റ്റീൽ ഗ്ലാസ് അവ ക്ലാസ് അടിസ്ഥാനത്തിൽ ബക്കറ്റിൽ ശേഖരിച്ച് വെക്കുക കാലം 10 മാസം |
| ചുമതല | : | സ്റ്റാഫ് |
| സാമ്പത്തിക | : | 1000 രൂപ പൂർവവിദ്യാർത്ഥികൾ സ്പോൺസർമാർ |

**പ്രവർത്തനം 35**

| | | |
|---|---|---|
| പേര് | : | തിളപ്പിച്ചാറിയ വെള്ളം |
| ഉപമേഖല | : | ഭൗതികം |
| ലക്ഷ്യം | : | രോഗാണുവിമുക്ത കുടിവെള്ളം |
| പ്രവർത്തനം | : | നിലവിലുള്ള പാത്രം കൂടാതെ അത്തരത്തിലുള്ള ഒരു പാത്രം കൂടി വാങ്ങി മുകളിലെ കെട്ടിടത്തിൽ വെക്കണം |
| കാലം | : | 10 മാസം |
| ചുമതല | : | സ്റ്റാഫ് |
| സാമ്പത്തികം | : | സ്പോൺസർമാരിൽ നിന്ന് ഉപകരണം കണ്ടെത്തുക |

**പ്രവർത്തനം 36**

| | | |
|---|---|---|
| പേര് | : | ക്ലാസ് അടിസ്ഥാനത്തിൽ ഗ്രോബാഗ് |
| ഉപമേഖല | : | ഭൗതികം |
| ലക്ഷ്യം | : | കുട്ടികളിൽ കൃഷിയിൽ താൽപര്യം ഉണ്ടാക്കുക |
| പ്രവർത്തനം | : | സി.പി.ടി.എ യിൽ ചർച്ച ചെയ്ത് അഞ്ച് ഗ്രോബാഗ് എന്തെങ്കിലും നല്ലരീതിയിൽ വളം നിറച്ച് രക്ഷിതാക്കളുടെ സഹ കരണത്തോടെ പച്ചക്കറികൾ നട്ടു പിടിപ്പിക്കുക |
| കാലം | : | 10 മാസം |
| ചുമതല | : | സ്റ്റാഫ് |
| സാമ്പത്തികം | : | 2500 രൂപ |

## പ്രവർത്തനം 37

| | | |
|---|---|---|
| പേര് | : | സോഷ്യൽ മീഡിയ വിപുലീകരണം |
| ഉപമേഖല | : | സാമൂഹ്യപ്രവർത്തനം |
| ലക്ഷ്യം | : | വിദ്യാലയ പ്രവർത്തനങ്ങളുടെ പ്രചരണം |
| പ്രവർത്തനങ്ങൾ | : | സമയാസമയങ്ങളിൽ നടക്കുന്ന പ്രവർത്തനങ്ങൾ സാമൂഹ്യ മാധ്യമങ്ങളിൽ പ്രചരിപ്പിക്കാൻ പിടിഎ നേതൃത്വത്തിൽ 4 അംഗ ഗ്രൂപ്പ് |
| കാലം | : | തുടർച്ചയായി |
| ചുമതല | : | പിടിഎ |

## പ്രവർത്തനം 38

| | | |
|---|---|---|
| പേര് | : | അമ്മമാരുടെ കൂട്ടായ്മ |
| ഉപ | : | മേഖല സാമൂഹ്യപ്രവർത്തനം |
| ലക്ഷ്യം | : | സ്കൂളും സമൂഹവും അടുത്ത് ഇടപെഴക്കുക |
| പ്രവർത്തനം | : | വർഷത്തിൽ നാലുതവണ ഓരോ ക്ലാസിലെയും അമ്മമാരുടെ കൂട്ടായ്മ സ്കൂളിലെ പ്രവർത്തനത്തിൽ പങ്കാളിത്തം പ്രഭാത ഭക്ഷണം ഒരുക്കൽ, പൂന്തോട്ടം നിർമാണം, അടുക്കളത്തോട്ടം രൂപപ്പെടുത്തൽ |
| കാലം | : | തുടർച്ചയായി |
| ചുമതല | : | പി.ടി.എ |

## പ്രവർത്തനം 39

| | | |
|---|---|---|
| പേര് | : | വിനോദയാത്ര |
| ഉപ മേഖല | : | സാമൂഹ്യപ്രവർത്തനം |
| ലക്ഷ്യം | : | സമൂഹവും സ്കൂളും ചേർന്ന് വിനോദ പ്രവർത്തന ങ്ങളിൽ ഏർപ്പെടൽ പ്രവർത്തനം വർഷത്തിൽ ഒരി ക്കൽ രണ്ട് ദിവസം നീണ്ടു നിൽക്കുന്ന വിനോദയാത്ര സ്കൂൾ നേതൃത്വത്തിൽ. 2000 രൂപ ഓരോരുത്തർക്കും വരുന്ന ചെലവ് മുൻകൂട്ടി കണ്ട് 250 രൂപ മാസാടിസ്ഥാന ത്തിൽ സ്കൂളിൽ എത്തിച്ച് ജനുവരി മാസത്തിൽ ടൂർ നടക്കുന്ന രീതി |
| ചുമതല | : | പിടിഎ, സ്റ്റാഫ് |

## പ്രവർത്തനം 40

| | | |
|---|---|---|
| പേര് | : | തൊഴിൽ പരിശീലനം |
| ഉപ മേഖല | : | സാമൂഹ്യസേവനം |
| ലക്ഷ്യം | : | തൊഴിലുകൾ ചെയ്യാനുള്ള പരിശീലനം |
| പ്രവർത്തനം | : | കരിയർ ഡെവലപ്മെന്റ്, ചെറുകിട വ്യവസായ ഡിപ്പാർട്ട്മെന്റ് എന്നിവയുടെ സഹായത്തോടെ തൊഴിൽ പരിശീലനം |
| ചുമതല | : | സാമ്പത്തികം എസ് എസ് ജി, പിടിഎ, എക്സിക്യൂട്ടീവ് |

## പ്രവർത്തനം 41

| | | |
|---|---|---|
| പേര് | : | പൂർവവിദ്യാർഥിസംഗമം |
| ഉപമേഖല | : | സാമൂഹ്യസേവനം |
| ലക്ഷ്യം | : | സ്കൂളിന്റെ പുരോഗതിക്കാവശ്യമായ സാഹചര്യം സൃഷ്ടിക്കുക |
| പ്രവർത്തനം | : | സ്കൂളിന്റെ പൂർവ്വ വിദ്യാർത്ഥികളുടെ കൂട്ടായ്മ ഉണ്ടാക്കുക. മധുരകരമായ ഓർമ്മകൾക്കൊപ്പം എന്റെ മാതൃവിദ്യാലയത്തെ ഉയർച്ചയിലേക്ക് നയിക്കാൻ ഒരു ചെറിയ സഹായം പിടിഎ യുമായി ചേർന്ന് നിർദ്ദേശം വെക്കണം |
| ചുമതല | : | പിടിഎ |

## പ്രവർത്തനം 42

| | | |
|---|---|---|
| പേര് | : | ഗുളിക പായ്ക്കറ്റ് |
| ഉപ മേഖല | : | സാമൂഹ്യസേവന |
| ലക്ഷ്യം | : | കുട്ടികളിൽ സാമൂഹ്യസേവനം വളർത്തുക |
| പ്രവർത്തനം | : | സർക്കാർ ആശുപത്രികളിലേക്ക് ഗുളിക നിക്ഷേപിക്കാൻ ആവശ്യമായ പായ്ക്കറ്റുകൾ വെയ്സ്റ്റ് ബിൻ എന്നിവ ഉണ്ടാക്കി കൊടുക്കുക |
| കാലം | : | വർഷത്തിൽ രണ്ട് തവണ |
| ചുമതല | : | സോഷ്യൽ ക്ലബ് |
| സാമ്പത്തികം | : | 1000 രൂപ സ്റ്റാഫ് |

## പ്രവർത്തനം 43

| | | |
|---|---|---|
| പേര് | : | കുടുംബശ്രീ വക അടുക്കളത്തോട്ടം |
| ഉപ മേഖല | : | സാമൂഹ്യസേവനം |
| ലക്ഷ്യം | : | സാമൂഹ്യ പങ്കാളിത്തത്തോടെ വിഷരഹിത ഉൽപ്പന്നങ്ങൾ |
| പ്രവർത്തനം | : | സ്കൂളിന്റെ വിശാലമായ സ്ഥലം ഉപയോഗിച്ച് ഫലപ്രദമായ രീതിയിൽ കുടുംബശ്രീ പങ്കാളിത്തത്തോടെ അടുക്കളത്തോട്ടം ഉണ്ടാക്കുക |
| കാലം | : | 6 മാസം |
| ചുമതല | : | പി ടി എ |

**പ്രവർത്തനം 44**

| | | |
|---|---|---|
| പേര് | : | സഞ്ചയിക |
| ഉപമേഖല | : | സാമൂഹികം |
| ലക്ഷ്യം | : | കുട്ടികളിൽ ലഘു സമ്പാദ്യം വളർത്തുക,മിച്ചശീലം വളർത്തുക |
| പ്രവർത്തനം | : | ആഴ്ചയിൽ ഒരിക്കൽ കുട്ടികളിൽ നിന്ന് പൈസ ശേഖരിക്കുക. ബാങ്കിൽ അടയ്ക്കുക |
| ചുമതല | : | മുഹമ്മദ് ഇ |
| കാലം | : | തുടർച്ചയായ പ്രവർത്തനം |

**പ്രവർത്തനം 45**

| | | |
|---|---|---|
| പേര് | : | വോളിബോൾ പരിശീലനം |
| ഉപ മേഖല | : | സാമൂഹ്യസേവനം |
| ലക്ഷ്യം | : | കുട്ടികളിലെ കായികക്ഷമത വർദ്ധിപ്പിക്കുക |
| പ്രവർത്തനം | : | എസ് എസ് ജി നേതൃത്വത്തിൽ സ്കൂൾ ഗ്രൗണ്ടിൽ രക്ഷിതാക്കളുടെ മേൽനോട്ടത്തിൽ കായിക പരിശീലനം |
| കാലം | : | തുടർച്ചയായ പ്രവർത്തനം |
| ചുമതല | : | എസ് എസ് ജി |

**പ്രവർത്തനം 46**

| | | |
|---|---|---|
| പേര് | : | ആരോഗ്യ ക്ലിനിക് |
| ഉപ മേഖല | : | സാമൂഹ്യ സേവനം |
| ലക്ഷ്യം | : | കുട്ടികളിലെ രോഗസാധ്യതകൾ മുൻകൂട്ടി കണ്ട് ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുക |
| പ്രവർത്തനം | : | നാട്ടിലെ ക്ലബ്ബുമായി സഹകരിച്ച് വിവിധ ആശുപത്രികളുടെ സഹായത്തോടെ ആരോഗ്യത്തെ ക്യാമ്പ് സംഘടിപ്പിക്കുക |
| കാലം | : | ജനുവരിക്ക് മുമ്പ് |
| ചുമതല | : | പിടിഎ സ്റ്റാഫ് |
| സാമ്പത്തികം | : | 10000 രൂപ സ്പോൺസർഷിപ്പ് |

**പ്രവർത്തനം 47**

| | | |
|---|---|---|
| പേര് | : | പ്ലാസ്റ്റിക് രഹിത വിദ്യാലയം |
| ഉപമേഖല | : | സാമൂഹ്യസേവനം |
| ലക്ഷ്യം | : | പ്ലാസ്റ്റിക്കിനെതിരെ അവബോധമുണ്ടാക്കുക |
| പ്രവർത്തനം | : | സ്കൂൾ കോമ്പൗണ്ടിൽ പ്ലാസ്റ്റിക് വസ്തുക്കൾക്ക് നിയന്ത്രണം ഏർപ്പെടുത്തുക. കണ്ടെത്തിയവ ശുചിത്വസേന രൂപീകരിച്ച പ്രത്യേക സബിയിൽ നിക്ഷേപിക്കുക. കുടിവെള്ളത്തിന് സ്റ്റീൽ കുപ്പി നിർബന്ധമാക്കുക. സിപിടിഐയിൽ ധാരണയാക്കുക |
| ചുമതല | : | എച്ച്.എം, സ്റ്റാഫ്, പി.ടി.എ |
| സാമ്പത്തികം | : | പൂർവ്വവിദ്യാർത്ഥികൾ |

**പ്രവർത്തനം 48**

പേര് : പൂന്തോട്ടം

ഉപ മേഖല : സാമൂഹ്യസേവനം

ലക്ഷ്യം : പൂന്തോട്ടം ഒരുക്കി ജൈവവൈവിധ്യം ഒരുക്കുക

പ്രവർത്തനം : എംപിടിഎ സഹകരണത്തോടെ മനോഹരമായ ഒരു പൂന്തോട്ടം ഒരുക്കുക അതിന്റെ പരിചരണവും എം.പി.ടി.എ ക്ക് നൽകുക

കാലം : തുടർച്ചയായ പ്രവർത്തനം

ചുമതല : എംപിടി എ

സാമ്പത്തികം : എംപിടി എ

**പ്രവർത്തനം 49**

പേര് : സ്കൂൾ വാർഷികം

ഉപമേഖല : സാമൂഹ്യസേവനം

ലക്ഷ്യം : കുട്ടികൾക്ക് അവരുടെ കലാപരമായ കഴിവുകൾ പൊതു സമൂഹത്തിനു മുന്നിൽ പ്രദർശിപ്പിക്കുക.

പ്രവർത്തനം : മാർച്ച് മാസത്തിൽ വാർഷികം നടത്തണം. വിവിധ ഇനങ്ങളിൽ വളരെ കാലത്തെതന്നെ കുട്ടികൾക്ക് പരിശീലനം നൽകണം. ചിലവുകൾ കണക്കാക്കി സമാഹരിക്കാൻ കൃത്യമായ ധാരണ പിടിഎ എക്സിക്യൂട്ടീവിൽ നടത്തണം

കാലം : തുടർച്ചയായ പ്രവർത്തനം

ചുമതല : പി ടി എ, എസ് എസ് ജി, എസ് എം സി, സ്റ്റാഫ്

**പ്രവർത്തനം 50**

പേര് : നീന്തൽ പരിശീലനം

ഉപമേഖല : സാമൂഹ്യസേവനം, സുരക്ഷ

ലക്ഷ്യം : സ്വയംരക്ഷ ഉറപ്പുവരുത്തുന്നത്തോടൊപ്പം മറ്റുള്ളവരെ സഹായിക്കൽ

പ്രവർത്തനം : കുറ്റിയോട്ട് നടകാപ്പ് ഉപയോഗപ്പെടുത്തി, 4,5 ക്ലാസുകളിലെ കുട്ടികൾക്ക് രക്ഷിതാക്കളുടെ സഹായത്തോടെ നീന്തൽ പരിശീലനം

ചുമതല : സ്റ്റാഫ് , പി.ടി.എ , എസ് എസ് ജി

സാമ്പത്തികം : 2500 പി.ടി.എ, സ്റ്റാഫ്

| അക്കാദമികം | ഭൗതികം | സാമൂഹ്യപ്രവർത്തനം |
|---|---|---|
| രക്ഷാകർതൃ ശാസ്തീകരണം<br>പ്രവേശനോത്സവം<br>ക്ലാസ് പി.ടി.എ<br>ഐ.ടി ശില്പശാല<br>പി എസ് സി പരിശീലനം<br>ദിനാചരണങ്ങൾ<br>കൗൺസിലിംഗ്<br>ലൈബ്രറി വികസനം<br>പഠന വൈകല്യങ്ങൾ -<br>പ്രത്യേക ക്ലാസ്സ്<br>പിന്നോക്കക്കാർ-പ്രത്യേകക്ലാസ്സ്<br>ക്ലാസ്സ് പഠനനേട്ടങ്ങൾ<br>സിപിടി.എ അവതരണം<br>ഇംഗ്ലീഷ് ഗണിത ശില്പശാല<br>അക്ഷര കൈരളി<br>ഇംഗ്ലീഷ് അസംബ്ലി കൈ<br>എഴുത്ത് മാസികകൾ<br>സ്കൂൾ അസംബ്ലി<br>ജനാധിപത്യം<br>അഭിനയക്കളരി ബാലസമാജം<br>മേളകൾ സ്കൂൾ തലം<br>സഹ വാസക്യാമ്പ്<br>കുട്ടി ഡയറി<br>ക്ലബ്ബ് ബുൾബുൾ<br>എൻറെ കുട്ടി - വിലയിരുത്തൽ<br>പ്രതിഭ പോഷണം<br>സമഗ്രഗുണമേന്മ വിദ്യാഭ്യാസം | ചുറ്റുമതിൽ<br>സ്മാർട്ട് ക്ലാസ് റൂം<br>നവീകരണം<br>അന്തരിച്ച<br>പൂർവഅധ്യാപകരുടെ<br>ഫോട്ടോഅനാഛാരാരണം<br>കളിയുപകരണങ്ങൾ<br>ഉച്ചഭക്ഷണം -<br>വിഭവസമാഹരണം<br>ഉച്ചഭക്ഷണം- പ്ലേറ്റ് ഗ്ലാസ്<br>തിളപ്പിച്ചാറിയ വെള്ളം<br>ക്ലാസ് അടിസ്ഥാനത്തിൽ<br>ഗ്രോബാഗ് കൃഷി | സോഷ്യൽ മീഡിയ ഗ്രൂപ്പ്<br>അമ്മമാരുടെ കൂട്ടായ്മ<br>വിനോദയാത്ര-<br>സ്കൂൾഫാമിലി<br>തൊഴിൽ പരിശീലനം<br>പൂർവ വിദ്യാർഥിസംഗമം<br>സാമൂഹ്യസേവനം<br>ഗുളിക പാക്കറ്റ്<br>കുടുംബശ്രീ<br>-അടുക്കളത്തോട്ടം<br>സഞ്ചയിക<br>വോളിബോൾപരിശീലനം<br>ആരോഗ്യ ക്ലിനിക്<br>പ്ലാസ്റ്റിക്മുക്തവിദ്യാലയം<br>പൂന്തോട്ടം<br>എൻറെ വാർഷികം |

**പ്രതീക്ഷിത നേട്ടങ്ങൾ**

ശിശുസൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുവാൻ കഴിയുന്നു അവസ്ഥാപഠനത്തിൽ കണ്ടെത്തിയ കാര്യങ്ങൾ നിർബന്ധബുദ്ധിയോടെ പരിഹാര പ്രവർത്തന ങ്ങൾ ഏർപ്പെടുത്തുന്നു പൊതുസമൂഹം ഉദ്ദേശിക്കുന്ന രീതിയിൽ വിദ്യാലയത്തിന് എല്ലാ രംഗത്തും ശോഭിക്കാൻ കഴിയുന്നു.മതനിരപേക്ഷ സമൂഹം എന്ന മഹത്തായ ലക്ഷ്യം നിലനിർത്താൻ കഴിയുന്നു.

**മോണിറ്ററിംഗ്**

ഉദ്യോഗസ്ഥതലത്തിലുള്ള മോണിറ്ററിംഗ് സംവിധാനം ശക്തമാക്കുന്നു. സ്കൂൾ പ്രവർത്തനത്തെ ശക്ത മാക്കാൻ സോഷ്യൽ മോണിറ്ററിംഗ് സംവിധാശക്തിപ്പെടുത്താൻ പിടിഎ നേതൃത്വത്തിൽ നാലംഗ സമിതി പ്രത്യേക മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തും

എച്ച്.എം, എസ്.ആർ.ജി കൺവീനർ, പി.ടി.എ, എം.പി.ടി.എ പ്രസിഡന്റ്മാർ എന്നിവരുടെ നേതൃത്വത്തിലും മോണിറ്ററിംഗ് സംവിധാനം ശക്തമാക്കും.

**ഉപസംഹാരം**

പൊതുസമൂഹം ആശിക്കുന്ന നന്മകൾ കുറഞ്ഞുവരുന്ന കാലഘട്ടത്തിൽമനുഷ്യനെ മനുഷ്യനാക്കുന്ന മഹാ പ്രക്രിയ വിദ്യാഭ്യാസ രംഗത്ത് ഇപ്പോൾ തന്നെ ദൂരവ്യാപകമായ ഫലങ്ങൾ സൃഷ്ടിച്ച് കൊണ്ടുള്ള പ്രവണതകൾ ശക്തിപ്പെട്ട് വരുന്നുണ്ട്. ഈ കെടുത്തി കൾക്ക് എതിരായി ശക്തമായ ബദലാണ് പൊതു വിദ്യാഭ്യാസം. നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകം കാത്തു സൂക്ഷിക്കുന്നതിനും ഭാവി ശോഭനമാകുന്നതിനും ഈ വികസനരേഖ ഉപകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**പ്രവർത്തന കലണ്ടർ**

ആവള കുട്ടോത്ത് എൽ.പി സ്കൂൾ 2025 –26 വർഷത്തേക്ക് രൂപപ്പെടുത്തിയ അക്കാദമിക് മാസ്റ്റർ പ്ലാൻ വിവരിച്ചിട്ടുള്ള പല പ്രവർത്തനങ്ങളും പ്രവർത്തന കലണ്ടർ പ്രകാരം നടപ്പിലാക്കണമെങ്കിൽ വിശദമായ ചർച്ചയും നിർദ്ദേശങ്ങളും അനുബന്ധമായി നടത്തേണ്ടതുണ്ട്.സ്കൂൾ തുറന്ന ശേഷം പിടിഎ, എംപിടിഎ സംയുക്ത എക്സിക്യൂട്ടീവ് ഇവ ഓരോന്നും വിശദമായി പരിശോധിച്ച് കൃത്യമായ പ്രവർത്തന കലണ്ടർ ഉറപ്പുവരുത്തും. കൂടാതെ അവസ്ഥ പഠനത്തിലെ സാധ്യതകൾ കൂടി പരിശോധിച്ച് മാസ്റ്റർപ്ലാൻ രൂപപ്പെടുത്തി ജൂൺ 15 നകം തന്നെ കൃത്യമായ മാർഗ രേഖ ക്രമപ്പെടുത്തും. ഈ പ്രവർത്തന പരിപാടിയിലെ പരിപാടി രക്ഷാകർതൃ ശാക്തീകരണ ക്ലാസ്സ് അവധിക്കാലത്ത് തന്നെ നടന്നു കഴിഞ്ഞു.

പിടിഎ & സ്റ്റാഫ്

# ഈ വർഷം ഊന്നൽ നൽകുന്ന പദ്ധതികൾ

| അക്കാദമികം | ഭൗതികം | സാമൂഹ്യപ്രവർത്തനം |
|---|---|---|
| ഈസി ഇംഗ്ലിഷ് ഗുണമേന്മ വിദ്യാഭ്യാസം പഠന പിന്നോക്ക മുന്നോക്ക ക്ലാസുകൾ ഗണിതം സുന്ദരം എല്ലാ വിശയങ്ങൾക്കും ശിൽപ്പശാലകൾ ക്ലാസ് ലൈബ്രറി നവീകരണം കയ്യെഴുത്ത് മാസിക | ഭംഗിയുള്ള ചുറ്റുമതിൽ, കിഡ്സ് പാർക്ക്, ഏ സി ക്ലാസ് റും എല്ലാക്ലാസും ഹൈടെക്ക് | അമ്മ കൂട്ടായ്മ പൂർവ്വവിദ്യാർത്ഥി സംഗമം രക്ഷാകതൃശാക്തികരണ ക്ലാസ്സുകൾ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ പ്ലാസ്റ്റിക് രഹിത വിദ്യാ ലയം ഫൂട്ബോൾപരിശീലനം |